**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ഹൈവേക്ക് ഭൂമി നൽകിയ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേക്ക് വേണ്ടി കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, ഒളവണ്ണ മേഖലകളിൽ ഏറ്റെടുത്ത ഭൂമിക്ക് പണം നൽകുന്നതിൽ കാലതാമസം വരാനിടയാക്കിയ സാഹചര്യം പരിശോധിക്കുമോ; | (എ) | പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിക്കും, ചമയത്തിനും വില നിർണ്ണയിച്ച് 27.03.2023-ൽ ഉത്തരവിടുകയും NHAI ഫണ്ട് അനുവദിച്ചത് പ്രകാരം ഏതാനും ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഭൂമിയുടെ വില നിർണ്ണയിച്ചത് അധികമാണെന്ന് കാണിച്ച് 08.09.2023-ൽ ദേശീയപാത അതോറിറ്റി, ആർബിട്രേറ്റർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് വിവിധ കക്ഷികൾ ബഹു.ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തത് മൂലമാണ് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടാനിടയാക്കിയത്. |
| (ബി) | ഏറ്റെടുത്ത ഭൂമി ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം റവന്യൂ വകുപ്പിൽ ഡെപ്പോസിറ്റായി ലഭിച്ചത് എന്നാണ്; | (ബി) | ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തിന്റെ ആദ്യഗഡുവായ 313,19,10,479/-രൂപ 29.03.2023-ന് കോംപിറ്റന്റ് അതോറിറ്റി ഫോർ ലാൻഡ് അക്വിസിഷന്റെയും (CALA) നാഷണൽ ഹൈവേ അതോറിറ്റിയുടെയും (NHAI) ആക്സിസ് ബാങ്കിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. കൂടാതെ അപ്പീൽ കേസുകളിൽ ആർബിട്രേറ്റർ ഉത്തരവാകുന്ന മുറയ്ക്ക് ഓരോ കേസുകളിൽ ഉത്തരവിട്ട് തുക NHAI അനുവദിച്ചുവരുന്നുണ്ട്. ഇതുവരെ 328.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | വീടും സ്ഥലവും സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന് വീട് വെക്കാൻ പുതിയ സ്ഥലം എടുക്കുകയും അഡ്വാൻസ് തുക നൽകുകയും ചെയ്തവർ പണം നൽകാൻ സാധിക്കാതെ ദുരിതത്തിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | നഷ്ടപരിഹാരം ലഭിക്കാത്തത് മൂലം പ്രയാസം നേരിടുന്നത് സബന്ധിച്ച ഏതാനും ഹർജികൾ ലഭിച്ചിട്ടുണ്ട്. അപ്പീൽ കേസുകൾ ഇല്ലാത്തവയിൽ രേഖകൾ ഹാജരാക്കുന്നതിന് കാലതാമസം നേരിടുന്ന കേസുകളിലും, കോടതികേസുകൾ ഉള്ള ഏതാനും കേസുകളിലും നഷ്ടപരിഹാരം നൽകാനുണ്ട്. ആയതിനാൽ രേഖകൾ ലഭിക്കുന്ന മുറയ്ക്കും ആർബിട്രേറ്റർ മുമ്പാകെ പെൻഡിംഗ് ഉള്ള കേസുകൾ |

| | | | |
|---|---|---|---|
| | | | ഉത്തരവാകുന്നതിന് അനുസരിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്കും നഷ്ടപരിഹാര തുക വിതരണം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | തുക ലഭ്യമാക്കുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ചയുണ്ടോ; പരിശോധിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ